# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1326

10.08.2017-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ചൂഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി.ജോർജ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിനിരയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. മത്സ്യവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനു ആദ്യപടിയായി തീരദേശ ലേലം വഴി ആദ്യ വിൽപനയിൽ സഹകരണ സംഘങ്ങൾ ഇടപ്പെടുന്നു. ഇതുവഴി സംസ്ഥാനത്ത് ഒരു പരിധി വരെ ഏകീകരിച്ച ലേല സംവിധാനം നടപ്പിൽ വരുത്തുവാനും അതുവഴി മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. മത്സ്യത്തൊഴിലാളി പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ചൂഷണം ഒഴിവാക്കുന്നതിനുമായി ഫിഷ് മാർക്കറ്റിംഗ് രംഗത്ത് മത്സ്യഫെഡിന്റെ ഇടപെടൽ വർദ്ധിപ്പിക്കുന്നതിനും ലേലത്തിൽ ഇടപെട്ട് ഹാർബറുകളിൽ നിന്നും ലാന്റിംഗ് സെന്ററുകളിൽ നിന്നും മത്സ്യഫെഡ് മത്സ്യം ശേഖരിച്ച് സുരക്ഷിതമായി മാർക്കറ്റിലെത്തിച്ച് അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന സംവിധാനം നിലവിൽ വരുന്നതിനും മാർക്കറ്റിംഗ് ബിൽ കൊണ്ടു വരുന്നതിനായുള്ള കരട് ബിൽ പരിശോധിച്ച് വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളിൽ നിന്നും മത്സ്യങ്ങൾ തുച്ഛവിലയ്ക്ക് വാങ്ങി ഇടനിലക്കാർ അമിത വിലയ്ക്ക് ജനങ്ങൾക്ക് വിൽക്കുന്നത് ഒഴിവാക്കാൻ മത്സ്യത്തൊഴിലാളികളുടെ മത്സ്യങ്ങൾ മത്സ്യഫെഡ് ,സഹകരണ സംഘങ്ങൾ എന്നിവ നേരിട്ടുവാങ്ങി ഇവർക്കും പൊതുജനങ്ങൾക്കും മത്സ്യം ന്യായ വിലയ്ക്ക് നൽകാൻ പദ്ധതി തയ്യാറാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | തീരദേശ ലേലം വഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് വാങ്ങുകയും മത്സ്യത്തിന്റെ ചില്ലറ വിൽപനയിൽ ഇടപെടുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 31 ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുള്ളത്. ഇതിന് പുറമേ കടലോര പ്രദേശങ്ങളിൽ നിന്നും മത്സ്യം സംഘങ്ങൾ വഴി സംഭരിച്ച് വിപണിയിൽ എത്തിക്കുന്നതിന് ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് ഐസ് പ്ലാന്റുകൾ, ചിൽ റൂമുകൾ എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിലൂടെ മത്സ്യത്തിന്റെ വില നിയന്ത്രിക്കാനും ശുദ്ധമായ മത്സ്യം ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി കേരളത്തിലെ കടലോരത്ത് ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇതുമൂലം ഒരു പരിധിവരെ ഇടനിലക്കാരുടെ ചൂഷണം തടയുവാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യഫെഡ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേരളത്തിലെമ്പാടും ഊർജ്ജിതമാക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ ? | (ഡി) | സംഘങ്ങളുടെ ലേലം ശക്തിപ്പെടുത്തുന്നതിന് ലേലത്തിൽ പങ്കെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ്സ് പദ്ധതി നടപ്പിലാക്കി വരുന്നു. സംഘാംഗങ്ങൾക്ക് മത്സ്യബന്ധനോപകരണങ്ങൾ, ചെറുകിട വായ്പകൾ, സ്വയം സഹായ ഗ്രൂപ്പുകൾക്ക് മൈക്രോ ക്രെഡിറ്റ് പ്രവർത്തന മൂലധനം എന്നിവയും മത്സ്യഫെഡ് മുഖേന നൽകി വരുന്നു. ഈ വായ്പയുടെ തോത് വർദ്ധിപ്പിക്കുന്നതിനും, കൂടുതൽ മത്സ്യത്തൊഴിലാളികളെ സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ കൊണ്ടു വരുന്നതിനും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇവയിലൂടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ